**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ വിശ്വനാഥൻ.പി യുടെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. ശോഭ ഇടക്കണ്ടിയ്ക്ക് പഞ്ചായത്ത് വകുപ്പിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (എം.എസ്) നം. **27/2016/** തസ്വഭവ. തീയതി, തിരുവനന്തപുരം, **04/02/2016.**

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.

2) ശ്രീമതി. ശോഭ ഇടക്കണ്ടിയുടെ 19/02/2014 ലെ അപേക്ഷ

3) പഞ്ചായത്ത് ഡയറക്ടറുടെ 06/07/2015 തീയതികയിലെ ഇ 14-22631/2014 നമ്പർ കത്ത്

4) മലപ്പുറം ജില്ലാ കളക്ടറുടെ 01/12/2015 ലെ എ 2- 53215/2015 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ വിശ്വനാഥൻ.പി യുടെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. ശോഭ ഇടക്കണ്ടിയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചു. പരേതനായ വിശ്വനാഥൻ.പി യ്ക്ക് 13 വർഷവും 11 മാസവും 27 ദിവസവും സേവന കാലമുണ്ട്.

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായിരിക്കെ 15/11/2013 ലാണ് വിശ്വനാഥൻ.പി നിര്യാതനാവുന്നത്. അപേക്ഷകയായ ശ്രീമതി. ശോഭ ഇടക്കണ്ടി പരേതന്റെ ഭാര്യയാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനന തീയതി 01/03/1972 ആണ്. 43 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്, പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ വിശ്വനാഥൻ.പിയുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ

സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 25,200/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും മലപ്പുറം ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വേങ്ങര ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ വിശ്വനാഥൻ.പിയുടെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. ശോഭ ഇടക്കണ്ടിയ്ക്ക് പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്കായി നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ അപേക്ഷകന് നിയമനം നൽകേണ്ടതാണ്.. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നുവെന്ന് ഉത്തരവ് പുറപ്പെടുവിച്ചശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകി ക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിന് സർക്കാരിന് പൂർണ്ണഅധികാരം ഉണ്ടായിരിക്കു ന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ.വി**
**ഗവ.ജോയിന്റ് സെക്രട്ടറി**

ശ്രീമതി. ശോഭ ഇടക്കണ്ടി, പള്ളിയമ്പിൽ ഹൗസ്, താമരക്കുഴി പി.ഒ മലപ്പുറം.പിൻ 676505 മലപ്പുറം
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ജില്ലാ കളക്ടർ, മലപ്പുറം.
സെക്രട്ടറി, വേങ്ങര ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ